"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

റവന്യൂ വകുപ്പ് - 1971ന് മുമ്പ് കടിയേറിയതും വനം വകുപ്പിന്റെ ജണ്ടക്ക പുറത്തുള്ളതുമായ ഇടുക്കി, കഞ്ഞിക്കുഴി വില്ലേജുകളിലെ കൈവശക്കാർക്കുകൂടി 1964ലെ ഭൂമി പതിവ് ചട്ടപ്രകാരം പട്ടയം നൽകുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു

റവന്യൂ(എ) വകുപ്പ്

G.O.(Rt)No.2957/2020/RD തീയതി,തിരുവനന്തപുരം, 28/09/2020

പരാമർശം:- 1 സ.ഉ.(സാധാ.)2019/2020/റവ. തീയതി 02.06.2020

2 ഇടുക്കി ജില്ലാ കളക്ടറുടെ 20.06.2020 ലെ ഡിസിഐഡികെ/830/2020/സി3 നമ്പർ കത്ത്

**ഉത്തരവ്**

ഇടുക്കി ജില്ലയിൽ, തൊടുപുഴ താലൂക്കിൽ കരിമണ്ണൂർ ഭൂമി പതിവ് സ്പെഷ്യൽ തഹസിൽദാർ കാര്യാലയത്തിന്റെ പരിധിയിലുൾപ്പെട്ടതും 1964-ലെ ഭൂമി പതിവ് ചട്ടങ്ങളിലെ ചട്ടം 1Aയിലെ ഒഴിവാക്കൽ വ്യവസ്ഥയുടെ പരിധിയിൽ വരാത്തതും, പ്രസ്തുത ചട്ടങ്ങളിലെ ചട്ടം 2(e) പ്രകാരം നിർവ്വചിച്ചിട്ടുള്ള "സർക്കാർ ഭൂമി" എന്നതിന്റെ പരിധിയിൽ വരുന്നതുമായ ഭൂമി പ്രസ്തുത ചട്ടങ്ങളിലെ ചട്ടം 4-ൽ നിഷ്കർഷിച്ചിട്ടുള്ള ആവശ്യങ്ങൾക്ക് വേണ്ടി 5, 6 ചട്ടങ്ങളിലെ പരിധി സംബന്ധിച്ച നിബന്ധന വ്യവസ്ഥകൾക്കും പ്രസ്തുത ചട്ടങ്ങളിലെ മറ്റ് വ്യവസ്ഥകൾക്കും വിധേയമായി പട്ടികജാതി/പട്ടികവർഗ്ഗക്കാർ ഉൾപ്പെടെയുള്ള കൈവശക്കാർക്ക് പതിച്ചു നൽകുന്നതിന് കരിമണ്ണൂർ ഭൂമി പതിവ് സ്പെഷ്യൽ തഹസിൽദാരെ അധികാരപ്പെടുത്തി പരാമർശം ( 1 ) പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിരുന്നു.

2.വനം വകുപ്പിന്റെ ജണ്ടയ്ക്ക് വെളിയിൽ സ്ഥിതി ചെയ്യുന്നതും റവന്യൂ-വനം വകുപ്പുകളുടെ സംയുക്ത പരിശോധനാ റിപ്പോർട്ടിൽ ഉൾപ്പെട്ടു വരാത്തതും 01.08.1971ന് കുടിയേറ്റത്തിനു വിധേയമായ ഭൂമി പട്ടിക ജാതി പട്ടിക വർഗ്ഗക്കാരുൾപ്പെടെയുള്ള കൈവശക്കാർക്ക് 1964 ലെ ഭൂമി പതിവ് ചട്ട പ്രകാരം പതിച്ചു നൽകുന്നതിന് കരിമണ്ണൂർ ഭൂമി പതിവ് തഹസിൽദാർക്ക് പരാമർശം (1) പ്രകാരം അനുമതി നൽകിയതായും, പ്രസ്തുത ഉത്തരവിലെ നിർദ്ദേശം ഇടുക്കി താലൂക്കിലെ ഇടുക്കി, കഞ്ഞിക്കുഴി വില്ലേജുകൾക്കു കൂടി ബാധകമാക്കി ഉത്തരവ് നൽകണമെന്ന് ജില്ലാ കളക്ടർ പരാമർശം (2) പ്രകാരം ശുപാർശ സമർപ്പിച്ചിട്ടുണ്ട്.

3. മേൽ വിഷയം സർക്കാർ വിശദമായി പരിശോധിക്കുകയും, പരാമർശം (1) ലെ ഉത്തരവ് ഇടുക്കി ജില്ലയിലെ ഇടുക്കി താലൂക്കിലെ ഇടുക്കി, കഞ്ഞിക്കുഴി വില്ലേജുകൾക്കു കൂടി ബാധകമാക്കി കൊണ്ടും, പതിവ് നടപടികൾ സ്വീകരിക്കുന്നതിന് ഇടുക്കി തഹസീൽദാരെ ചുമതലപ്പെടുത്തി കൊണ്ടും ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

GIRIJA KUMARI G

ADDITIONAL SECRETARY

1 ലാൻഡ് റവന്യൂ കമ്മീഷണർ, തിരുവനന്തപുരം

2. ജില്ലാ കളക്ടർ, ഇടുക്കി.

3. അക്കൗണ്ടന്റ് ജനറൽ (എ&ഇ / ആഡിറ്റ്), കേരളം, തിരുവനന്തപുരം.

5. ഇൻഫർമേഷൻ ആന്റ് പബ്ലിക് റിലേഷൻസ് (വെബ് ആന്റ് ന്യൂ മീഡിയ) വകുപ്പ്

6. കരുതൽ ഫയൽ

ഉത്തരവിൻ പ്രകാരം

Signature valid

Digitally signed by PREMCHAND C P
Date: 2020.09.29 10:37:21 IST
Reason: Approved

സെക്ഷൻ ഓഫീസർ